റവന്യൂ വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തിക മുതൽ സംസ്ഥാനതല സീനിയോറിറ്റിയാണ്. മാതൃജില്ലകളിൽ ഒഴിവുകളില്ലാതെ വരുന്ന സാഹചര്യങ്ങളിലാണ് സ്ഥാനക്കയറ്റം നൽകി ഒഴിവുള്ള ജില്ലകളിൽ നിയമിക്കുന്നത്. ഇതല്ലാതെ നിർബന്ധിത അന്തർജില്ലാ ട്രാൻസ്ഫർ സേവനം അനുഷ്ഠിക്കേണ്ട സാഹചര്യമില്ല.

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സോഫ്റ്റ്‌വെയർ സഹായത്താൽ വനിതാ ജീവനക്കാർക്ക് സ്വന്തം ജില്ലയിൽ പരമാവധി 40 കിലോമീറ്റർ ചുറ്റളവിൽ സേവനം അനുഷ്ഠിക്കുന്നതിനുവേണ്ട മാനദണ്ഡങ്ങൾ സ്വീകരിക്കുമോ?

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25-2-2017-ലെ സ.ഉ.(പി)നമ്പർ3/2017/ഉ.ഭ.പ.വ ആധാരമാക്കി റവന്യൂ വകുപ്പ് 26-8-2020-ൽ പുറപ്പെടുവിച്ച സ.ഉ.(സാധാ) നമ്പർ 2723/2020/റവ. പ്രകാരം റവന്യൂ വകുപ്പിലെ പൊതുസ്ഥലം മാറ്റങ്ങളുടെ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഈ വർഷം മുതൽ റവന്യൂ വകുപ്പിലെ പൊതുസ്ഥലംമാറ്റങ്ങൾ ഓൺലൈനായി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) റവന്യൂ ജീവനക്കാരുടെ ട്രാൻസ്ഫർ മാനദണ്ഡങ്ങളെ സംബന്ധിച്ചും വനിതാ ജീവനക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ചും വകുപ്പുതല സമിതിയെ കൊണ്ട് പഠനം നടത്തുവാൻ സർക്കാരിന് പദ്ധതിയുണ്ടെങ്കിൽ വിശദമാക്കാമോ?

പരിഗണിക്കുന്നതാണ്.

**റവന്യൂ (സി) വകുപ്പിന്റെ 26-8-2020-ലെ 2723/2020-ാം നമ്പർ ഉത്തരവ്**

317(2673) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ (സി) വകുപ്പിന്റെ 26-8-2020-ലെ 2723/2020 നമ്പർ ഉത്തരവ് പ്രകാരം ഒഴിവില്ലാത്ത കാരണത്താൽ സ്വന്തം ജില്ലയിൽ/ഓപ്റ്റ് ചെയ്ത ജില്ലയിൽ നിന്നും സ്ഥലം മാറ്റപ്പെട്ട ജീവനക്കാരെ തിരികെ സ്ഥലം മാറ്റം നൽകുന്നതിന്, സ്ഥലം മാറ്റം ലഭിച്ച ജില്ലയിൽ ആറ് മാസം സേവനം പൂർത്തിയാക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ?

30-7-2021-ലെ സ.ഉ.(സാധാ) നമ്പർ 2485/2021/റവ. ഉത്തരവുപ്രകാരം ഇപ്പോൾ വ്യവസ്ഥ നിലവിലില്ല.

(ബി) പ്രസ്തുത ഉത്തരവ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25-2-2017-ലെ സ.ഉ.(പി) നമ്പർ 3/2017 നമ്പർ ഉത്തരവിന്റെ വ്യവസ്ഥകൾക്ക് എതിരാണെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ഉത്തരവിന്റെ 2(ii)-ൽ ഉദ്യോഗകാല ദൈർഘ്യത്തെക്കുറിച്ച് പറയുന്ന ഭാഗത്ത് ഒഴിവില്ലാത്ത കാരണത്താൽ സ്വന്തം/ഓപ്റ്റ് ചെയ്ത ജില്ലയിൽ നിന്നും സ്ഥലം മാറ്റപ്പെട്ട ജീവനക്കാരന് അവരുടെ സ്വന്തം/ഓപ്റ്റ് ചെയ്ത ജില്ലയിൽ ഉണ്ടാകുന്ന ആദ്യ ഒഴിവിൽ തന്നെ തിരികെ സ്ഥലംമാറ്റം നൽകേണ്ടതാണെന്ന വ്യവസ്ഥ റവന്യൂ വകുപ്പ് പാലിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) റവന്യൂ വകുപ്പിന്റെ ഉത്തരവ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഉത്തരവുപ്രകാരം സ്വന്തം ജില്ലയിൽ ഉണ്ടാകുന്ന ആദ്യ ഒഴിവിൽതന്നെ പരിഗണിക്കുന്ന രൂപത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) 30-7-2021-ലെ സ.ഉ.(സാധാ)നമ്പർ 2485/2021/റവ. നമ്പർ പ്രകാരം പുറപ്പെടുവിച്ച റവന്യൂ വകുപ്പ് ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ ഭേദഗതി ഉത്തരവു പ്രകാരം ഒരു പ്രത്യേക സ്റ്റേഷനിലേയ്ക്ക് ഒന്നിൽ കൂടുതൽ വ്യക്തികൾ അപേക്ഷ നൽകുമ്പോൾ നിർബന്ധിതമായി സ്ഥലംമാറ്റപ്പെട്ടവർക്ക് മുൻഗണന നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

## സാന്ത്വന സ്പർശം

318(2674) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാന്ത്വന സ്പർശം അദാലത്തിലേയ്ക്ക് ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സാന്ത്വന സ്പർശം അദാലത്തിലേയ്ക്ക് ആകെ 1,36,469 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) കുണ്ടറ നിയോജകമണ്ഡലത്തിൽനിന്നും സാന്ത്വന സ്പർശം അദാലത്തിലേയ്ക്ക് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ എത്രയെണ്ണത്തിനാണ് തീർപ്പ് കൽപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിൽ സാന്ത്വന സ്പർശം മുഖേന 10504 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും അവയിൽ 8445 എണ്ണം തീർപ്പാക്കിയിട്ടുള്ളതുമാണ്. 2059 അപേക്ഷകളിൽ നടപടി നടന്നുവരുന്നു. നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ലാത്തതാണ്.

(സി) സംസ്ഥാനത്ത് സാന്ത്വന സ്പർശം അദാലത്തുകൾ ആരംഭിച്ചതും അവസാനമായി നടത്തിയതുമായ തീയതികൾ അറിയിക്കുമോ?

റവന്യൂ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് സാന്ത്വന സ്പർശം അദാലത്തുകൾ 2021 ഫെബ്രുവരി മാസം 1-ാം തീയതി ആരംഭിക്കുകയും അതേമാസം 18-ന് അവസാനിക്കുകയും ചെയ്തിട്ടുള്ളതാണ്.